# സി.പി.സി.ആർ.ഐയുടെ കാർഷിക പ്രദർശനം ശ്രദ്ധേയമാകുന്നു

Suprabhatham 11/12/16

കാസർകോട്: സി.പി.സി.ആർ. ഐയുടെ ശതാബ്ദിയാഘോഷ സമാപനത്തിന്റെ ഭാഗമായുള്ള കാർഷിക പ്രദർശനം ശ്രദ്ധേയമാകുന്നു. സി.പി.സി.ആർ.ഐയുടെ കോംപൗണ്ടിലാണു മേള നടക്കുന്നത്. തേങ്ങാക്കുല, ഇഞ്ചി, മഞ്ഞൾ, കൊക്കോ, കച്ചോലം, ജാതിക്ക തുടങ്ങി നിരവധി കാർഷികോൽപന്നങ്ങളും റോസ് അടക്കമുള്ള ചെടികളുടെ വിപുല ശേഖരവുമാണു പ്രദർശനത്തിലുള്ളത്.

നാളികേരത്തിൽ നിന്നു നിർമിക്കുന്ന തേങ്ങാ ചിപ്സ്, അച്ചാറുകൾ എന്നിവയും മേളയെ മികവുറ്റതാക്കി. ഞാലിപ്പൂവൻ, ക്വിന്റൽ, പാളയംകോടൻ, കദളി, പൂവൻ, ചാരപ്പൂവൻ, റോബസ്റ്റ, ചുണ്ടില്ലാക്കണ്ണൻ, ചെങ്കദളി തുടങ്ങി വിവിധയിനം വാഴക്കുലകൾ മേളയിലുണ്ട്.

വിവിധയിനം മാവുകൾ, പ്ലാവുകൾ, ഒട്ടുപ്ലാവുകൾ, മാങ്കോസ്റ്റിൻ, മലേഷ്യൻ റംബൂട്ടാൻ, പുലാസാൻ, സപ്പോട്ട തുടങ്ങി അനേക ഫലവർഗച്ചെടികളും മേളയിലുണ്ട്. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിൽ നിന്നു ലഭിച്ച ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകൾ, നാളികേര വികസന ബോർഡ് വികസിപ്പിച്ചെടുത്ത മലയൻ ഡ്വാർഫ് തെങ്ങിൻ തൈകളും ഗാന്ധിജി സ്റ്റഡി സെന്ററിന്റെ സ്റ്റാളിൽ വിതരണത്തിനായിട്ടുണ്ട്.

കാംപ്കോയുടെ ഉൽപന്നങ്ങളുടെ സ്റ്റാൾ ഇക്കുറി വിപുലമായുണ്ട്. കൃഷി വകുപ്പ്, സി.പി.സി.ആർ.ഐ, ഹോർട്ടികോർപ്പ്, ഓയിൽപാം, നാളികേര വികസന വകുപ്പ്, ഹോർട്ടി കൾച്ചർ മിഷൻ, അനർട്ട്, കുടുംബശ്രീ, ഐ.ഡി.ആർ.ബി, കെ.ടി.ഡി.സി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി തുടങ്ങി വിവിധ വകുപ്പുകളുടെ സ്റ്റാളുകൾ മേളയിലുണ്ട്.



കാസർകോട് സി.പി.സി.ആർ.ഐ യുടെ ശതാബ്ദിയാഘോഷ സമാപനത്തിന്റെ ഭാഗമായി നടന്ന കാർഷിക പ്രദർശനം